(ഇ) പഞ്ചായത്തുകമ്മിറ്റി നിയമാനുസരണം എടുത്ത തീരുമാനം റദ്ദാക്കാൻ പഞ്ചായത്ത് ഡയറക്ടർക്ക് അധികാരമുണ്ടോ ; ഉണ്ടെങ്കിൽ ആയതിനുള്ള സാഹചര്യങ്ങൾ വ്യക്തമാക്കുമോ ;

(എഫ്) ഇല്ലെങ്കിൽ പ്രസ്തുത കമ്പനി അടച്ചുപൂട്ടുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഇല്ല.

(ബി) ഉണ്ട്.

(സി) പരിസ്ഥിതി മലിനീകരണം, ജലചൂഷണം എന്നീ കാരണങ്ങൾ കാണിച്ചാണ് ഗ്രാമപഞ്ചായത്ത് ലൈസൻസ് റദ്ദാക്കിയിട്ടുള്ളത്.

(ഡി) പഞ്ചായത്ത് ഡയറക്ടർ സ്റ്റേ ഉത്തരവ് നൽകിയിട്ടില്ല.

(ഇ) പഞ്ചായത്തു കമ്മിറ്റിയുടെ തീരുമാനം റദ്ദുചെയ്യാൻ പഞ്ചായത്ത് ഡയറക്ടർക്ക് അധികാരമില്ല.

(എഫ്) കൊക്കോകോള കമ്പനിയുടെ ലൈസൻസ് റദ്ദാക്കിയതിനെതിരായി കമ്പനി ഹൈക്കോടതിയിൽ ഒ.പി. ഫയൽ ചെയ്യുകയും ഹൈക്കോടതി സർക്കാരിലേക്ക് അപ്പീൽ സമർപ്പിക്കുവാൻ നിർദ്ദേശിക്കുകയും ചെയ്തിരുന്നു. അതനുസരിച്ച് ലഭിച്ച അപ്പീൽ പരാതി സർക്കാർ പരിഗണനയിലാണ്. അപ്പീലിന്റെ തീരുമാനമനുസരിച്ച് മറ്റു നടപടികൾ കൈക്കൊള്ളുന്നതാണ്.

ഹോസ്ദുർഗ് ലേബർ കോൺട്രാക്ട് സൊസൈറ്റി സമർപ്പിച്ച ഹർജി

96 (4531) ശ്രീ. കെ. വി. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 9-ാം പദ്ധതി നിർവ്വഹണ ഏജൻസി ലിസ്റ്റിൽ ഏതൊക്കെ സൊസൈറ്റികളെയാണ് അക്രഡിറ്റഡ് എൻ. ജി. ഒ. ഏജൻസികളായി ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ;

(ബി) പത്താം പദ്ധതിയിൽ, ഒൻപതാം പദ്ധതിയിൽ ഉൾപ്പെടുത്തിയിരുന്ന ഏതെങ്കിലും സൊസൈറ്റിയെ ഒഴിവാക്കിയിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ അതിനുള്ള കാരണം എന്താണെന്ന് വ്യക്തമാക്കാമോ ;

(ഡി) കാസർകോഡ് ജില്ലയിലെ ഹോസ്ദുർഗ് ലേബർ കോൺട്രാക്ട് സൊസൈറ്റിയെ 10-ാം പദ്ധതി നിർവ്വഹണ ഏജൻസി ലിസ്റ്റിൽ അക്രഡിറ്റഡ് എൻ. ജി. ഒ. ഏജൻസിയായി ഉൾപ്പെടുത്തണമെന്ന് ആവശ്യപ്പെട്ട് നൽകിയ ഹർജിയിൻമേൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(ഇ) എങ്കിൽ എന്തു നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 1. ഊരാളുങ്കൽ ലേബർ കരാർ സൊസൈറ്റി.

2. കുന്നത്തുകാൽ ലേബർ കരാർ സൊസൈറ്റി.

(ബി) ഇല്ല.

(സി) ചോദ്യം ഉദിക്കുന്നില്ല.

(ഡി) ഉണ്ട്.

(ഇ) ഹർജിയെക്കുറിച്ച് അന്വേഷിക്കുകയാണ്.

ടെണ്ടർ വ്യവസ്ഥ പാലിക്കാതെ എക്സൽ പ്രോപ്പർട്ടീസിന് ഭൂമി അലോട്ട് ചെയ്തത് റദ്ദാക്കാൻ നടപടി

97 (4532) ശ്രീ. സാജു പോൾ :
ശ്രീ. പി. സി. ജോർജ് :
ശ്രീ. എം. വി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗ്രേറ്റർ കൊച്ചിൻ ഡവലപ്മെന്റ് അതോറിറ്റിയുടെ വക മറൈൻ ഡ്രൈവിലുള്ള ഭൂമി തുച്ഛമായ വിലയ്ക്ക് സ്വകാര്യവ്യക്തി കൈവശമാക്കാനുള്ള നീക്കം നടത്തുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പ്രസ്തുത ഭൂമി വിൽക്കുന്നതിനായി ടെണ്ടർ ക്ഷണിച്ചിരുന്നോ ; എങ്കിൽ ഏതെല്ലാം പത്രങ്ങളിലാണ് പരസ്യം ചെയ്തിരുന്നത് ;

(സി) ഏതെല്ലാം സ്വകാര്യ സ്ഥാപനങ്ങളും വ്യക്തികളുമാണ് ടെണ്ടർ സമർപ്പിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(ഡി) സെന്റിന് എന്തു വിലയ്ക്കാണ് ടെണ്ടർ ഉറപ്പിച്ചുനൽകിയത് ; ആർക്കാണ് ടെണ്ടർ ഉറപ്പിച്ചുകൊടുത്തതെന്ന് പറയാമോ ;

(ഇ) ടെണ്ടർ ഉറപ്പിച്ചുനൽകിയ വ്യക്തി ടെണ്ടർ വ്യവസ്ഥകൾ പാലിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ ഏതെല്ലാം വ്യവസ്ഥകളാണ് പാലിക്കാത്തതെന്ന് വെളിപ്പെടുത്തുമോ ;

(എഫ്) ടെണ്ടർവ്യവസ്ഥ പാലിക്കാതെ എക്സൽ പ്രോപ്പർട്ടീസിന് ഭൂമി അലോട്ട് ചെയ്തത് റദ്ദാക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ടെണ്ടർ ചെയ്ത് വിൽപ്പന നടന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) 4-7-2002-ന് ടെണ്ടറുകൾ ലഭിക്കത്തക്കവണ്ണം 24-6-2002-ൽ മനോരമയുടെ എല്ലാ എഡിഷനുകളിലും 28-6-2002-ൽ ചന്ദ്രികയുടെ എല്ലാ എഡിഷനുകളിലും പരസ്യം ചെയ്തിരുന്നു. ടെണ്ടറുകൾ ഒന്നും ലഭിക്കാത്തതിനാൽ 12-8-2002-ന് ടെണ്ടറുകൾ ലഭിക്കത്തക്കവണ്ണം 29-7-2002-ൽ ഇൻഡ്യൻ എക്സ്പ്രസിന്റെ സതേൺ റീജിയണിലെ എല്ലാ എഡീഷനുകളിലും 31-7-2002-ൽ മാതൃഭൂമിയുടെ എല്ലാ എഡിഷനുകളിലും ടെണ്ടർ പരസ്യം ചെയ്തിരുന്നു.

LIBRARY ARCHIVES Kerala Legislative Assembly